LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര മണ്ഡലത്തിലെ നിറവ് പദ്ധതി

114 (5463) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിറവ് പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ നാളിതുവരെ നടന്ന പദ്ധതികൾ എന്തെല്ലാമെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചു എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) 2015-16 വർഷത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നിറവിൽ പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പേരാമ്പ്ര മണ്ഡലത്തിലെ പേരാമ്പ്ര, ചെറുവണ്ണൂർ, ചങ്ങരോത്ത്, നൊച്ചാത്, പൂത്തോളി, കായണ്ണ, ചെക്കിട്ടപ്പാറ എന്നീ പഞ്ചായത്തുകളിൽ നെൽകൃഷി വികസനത്തിനും കേരകൃഷി വികസനത്തിനുമുള്ള പദ്ധതികൾ 2013-14 വർഷത്തിൽ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

(ബി)

പഞ്ചായത്ത്	നെൽകൃഷി വികസനം (ലക്ഷം)	കേരകൃഷി വികസനം (ലക്ഷം)
പേരാമ്പ്ര	2.4	8.75
ചെറുവണ്ണൂർ	5.85	8.75
ചങ്ങരോത്ത്	1.89	8.75
നൊച്ചാത്	1.80	8.75
പൂത്തോളി	1.2	8.75
കായണ്ണ	1.05	15.31
ചെക്കിട്ടപ്പാറ	-	15.32
	14.19	74.38

ഇത് കൂടാതെ കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികളും പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2015-16 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റി തീരുമാനമായിട്ടില്ല.